**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2706** **28-02-2023 - ൽ മറുപടിയ്ക്ക്**

**നെന്മാറ നിയോജകമണ്ഡലത്തിൽ കാർഷിക കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ നെന്മാറ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ കാർഷിക കോളേജ് ആരംഭിക്കുന്നതിനായി 20% തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2018 ജൂലൈ 18 ന് ബഹു. കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പാവപ്പെട്ട കുട്ടികൾക്ക് കാർഷിക വിഷയങ്ങളിൽ മികച്ച പഠനം നടത്തുന്നതിന് ലക്ഷ്യമിട്ട് പാലക്കാട് ജില്ലയിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ കോൺസ്റ്റിറ്റ്യൂവന്റ് കോളേജായി ഒരു കാർഷിക കോളേജ് ആരംഭിക്കുന്നതിനായി തീരുമാനം എടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാർഷിക സർവ്വകലാശാല രജിസ്ട്രാറും, കൃഷി വകുപ്പ് ഡയറക്ടറുമായി കൂടിയ യോഗ തീരുമാന പ്രകാരം ഇതിലേക്ക് അനുയോജ്യമായ സ്ഥലം പാലക്കാട് നെൻമാറയിൽ കണ്ടെത്തുന്നതിന് തീരുമാനിക്കുകയും താൽപര്യപത്രം ക്ഷണിക്കുകയും ചെയ്തു. അതിൻപ്രകാരം കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ് കോളേജിനാവശ്യമായ സ്ഥലം നൽകുന്നതിനുള്ള താല്പര്യപത്രം സമർപ്പിക്കുകയും ടി ട്രസ്റ്റിന്റെ അധീനതയിലുള്ള സ്ഥലം കാർഷിക കോളേജിനായി കണ്ടെത്തുകയുമായിരുന്നു. |
| (ബി) | പ്രസ്തുത കാർഷിക കോളേജിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത കോളേജിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പാലക്കാട് ജില്ലയിലെ നെൻമാറയിലെ കാർഷിക കോളേജിന് വേണ്ടി തെരെഞ്ഞെടുത്ത കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂസ്വത്തുക്കൾ ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശത്തിലായിരുന്നു. 2022 ആഗസ്റ്റ് മാസം ബഹു. Debt Recovery Tribunal-ന്റെ നിർദ്ദേശ പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തുക നൽകി പ്രസ്തുത വസ്തു വകകളുടെ കൈവശാവകാശവും അസ്സൽ രേഖകളും SBI യിൽ |

| | | | |
|---|---|---|---|
| | | | നിന്ന് ട്രസ്റ്റിന് തിരികെ ലഭ്യമായിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ